3717
31/3/15

30/03/2015

**കേരള സർക്കാർ**

നം. 21658/ഉപസി2/14/ഉഭപവ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര
(ഉപദേശ-സി) വകുപ്പ്,
തിരുവനന്തപുരം, തീയതി: 24.3.2015.

## സർക്കുലർ

വിഷയം:- സർക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്നവരുടെ അച്ചടക്ക നടപടി അടിയന്തിരമായി തീർപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന:- കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 22.7.2014 ലെ A1(3) 3570/14/GW/Dy. നമ്പർ കത്ത്.

സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടിയുടെ കാര്യത്തിൽ ശിക്ഷാധികാരി/അപ്പീൽ അധികാരി/റിവ്യൂ അധികാരി എന്ന നിലയിൽ സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ്, 1957 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ) റെഗുലേഷൻസ് പ്രകാരം കൂടിയാലോചന നിർബന്ധമായ കേസുകളിൽ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതായിട്ടുണ്ട്. പലപ്പോഴും കുറ്റാരോപിതരായ ഉദ്യോഗസ്ഥർ വിരമിക്കുന്നതിന് ഏതാനും ദിവസം മുൻപ് മാത്രം ഉപദേശത്തിനായി കമ്മീഷനെ സമീപിക്കുന്നതായി കണ്ടുവരുന്നുവെന്നും ഇത് അച്ചടക്ക നടപടി കേസുകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിനുവേണ്ട സമയം ലഭിക്കാത്തതുകാരണം സമയബന്ധിതമായി ഉപദേശം നല്കാൻ സാധിക്കാത്ത സാഹചര്യം സൃഷ്ടിക്കുന്നുവെന്നും. ആയതിനാൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ വിരമിക്കലിന് മുൻപ് അടിയന്തരമായി തീർപ്പാക്കേണ്ടുന്ന കേസുകൾ ബന്ധപ്പെട്ട രേഖകൾ സഹിതം വിരമിക്കൽ തീയതിക്ക് കുറഞ്ഞത് ഒരു മാസം മുമ്പെങ്കിലും എത്തിക്കുന്നതിനുള്ള നടപടികൾ സർക്കാരിൽ നിന്നും സ്വീകരിക്കണമെന്നും കമ്മീഷൻ സൂചന കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചു. 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരമുള്ള ശിക്ഷകൾ വിരമിച്ച സർക്കാർ ജീവനക്കാരന് മേൽ ചുമത്താൻ കഴിയില്ല. ആയതിനാൽ, കമ്മീഷനുമായി കൂടിയാലോചന ആവശ്യമായ കഠിന ശിക്ഷ ചുമത്തേണ്ട അച്ചടക്കനടപടികളിൽ, കുറ്റാരോപിതനായ ഉദ്യോഗസ്ഥർ വിരമിക്കുന്നതിന് മുൻപ്, സമയബന്ധിതമായി ഉപദേശം നൽകുവാൻ കമ്മീഷന് കഴിയത്തക്ക വിധത്തിൽ, ബന്ധപ്പെട്ട രേഖകൾ കമ്മീഷന് ലഭ്യമാക്കേണ്ടതുണ്ട്. കമ്മീഷന്റെ അഭിപ്രായം ലഭ്യമായതിനുശേഷം നടപടിക്രമങ്ങൾ പാലിച്ച് പ്രസ്തുത ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്ന് വിരമിക്കുന്നതിന് മുൻപ് അച്ചടക്കനടപടി

തീർപ്പാക്കി സർക്കാരിന് അന്തിമ ഉത്തരവ് പുറപ്പെടുവിക്കേണ്ടതായിട്ടുമുണ്ട്.

ആയതിനാൽ, കുറ്റാരോപിതരായ ഉദ്യോഗസ്ഥർ വിരമിക്കുന്നതിന് മുൻപ് അച്ചടക്കനടപടി തീർപ്പാക്കി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചന ആവശ്യമുള്ള കേസുകളിൽ പി.എസ്.സി.യുമായി കൂടിയാലോചിച്ച് റിട്ടയർമെന്റിനു മുൻപ് സർക്കാർതലത്തിൽ അന്തിമ ഉത്തരവു പുറപ്പെടുവിക്കാനാകുംവിധം ബന്ധപ്പെട്ട രേഖകൾ (നോട്ട് ഫയൽ ഒഴികെ) ഉദ്യോഗസ്ഥൻ വിരമിക്കുന്ന തീയതിക്ക് കുറഞ്ഞത് മൂന്നുമാസം മുമ്പെങ്കിലും കമ്മീഷനിൽ എത്തിക്കുന്നതിനുള്ള നടപടികൾ പ്രസ്തുത വകുപ്പുകൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

പി.എസ്.സി.യുടെ ഉപദേശം തേടിയശേഷം കുറ്റാരോപിതനായ ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനുമുൻപ് അന്തിമ ഉത്തരവ് പുറപ്പെടുവിച്ച് ടിയാനെ അറിയിക്കാനാവശ്യമായ നടപടി ബന്ധപ്പെട്ട ഭരണ വകുപ്പുകൾ വീഴ്ച കൂടാതെ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.അജയകുമാർ,**
ഗവൺമെന്റ് സെക്രട്ടറി

എല്ലാ വകുപ്പ തലവൻമാർക്കും, നിയമനാധികാരികൾക്കും,
എല്ലാ അർദ്ധസർക്കാർ സ്ഥാപന മേധാവികൾക്കും
കമ്പനി, കോർപ്പറേഷൻ, ബോർഡ് മേധാവികൾക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടറി, കേരള നിയമസഭ
രജിസ്ട്രാർ, കേരള/കാലിക്കറ്റ്/കണ്ണൂർ/മഹാത്മാഗാന്ധി/കാർഷിക്/കൊച്ചിൻ/സംസ്കൃത സർവ്വകലാശാലകൾ (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (പത്രമാധ്യമങ്ങളിലൂടെയുള്ള വിശദമായ പ്രചരണത്തിനും ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനും)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ